കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മീനച്ചിൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെറ്റിഎം പി7/507/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 31/03/2021
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മീനച്ചിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെറ്റിഎം പി7/507/2021 തീയ്യതി: 31/03/2021

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-12-2019 മുതൽ 31-08-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രാധാകൃഷ്ണൻ.എം.എൻ	ഡെപ്യൂട്ടി ഡയറക്ടർ.	08-03-2021	20-03-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-03-2021	20-03-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി.ജി.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) 08.03.2021 - 09.03.2021
ശ്രീമതി ഡാനിമോൾ കെ.ജെ.,അസി.ഓഡിറ്റ് ഓഫീസർ 12.03.2021 - 20.03.2021
ശ്രീ ഷാജിമോൻ പി.ബി., സീനി.ഗ്രേഡ് ഓഡിറ്റർ 08.03.2021 - 20.03.2021
ശ്രീ ജോഷി തോമസ്, ഓഡിറ്റർ 08.03.2021 - 20.03.2021

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.റെനി ബിജോയി.	പ്രസിഡന്റ്	01-04-2019	13-12-2019
ശ്രീ.ഷിബു പൂവേലിൽ	പ്രസിഡന്റ്	14-12-2019	12-01-2020
ശ്രീമതി.മേഴ്സിക്കുട്ടി കുര്യാക്കോസ്	പ്രസിഡന്റ്	13-01-2020	31-03-2020
മിനിജ.പി.തോമസ്	സെക്രട്ടറി	01-04-2019	25-04-2019
കെ.ആർ.രാധാകൃഷ്ണൻ നായർ	സെക്രട്ടറി	26-04-2019	30-06-2019
മിനിജ.പി.തോമസ്	സെക്രട്ടറി	01-07-2019	14-07-2019
സുശീൽ എം.	സെക്രട്ടറി	15-07-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ജയകൃഷ്ണ.ജെ	കൃഷി ഓഫീസർ	01-04-2019	31-03-2020
രാജിമോൾ.കെ.ആർ	വി.ഇ.ഒ,ഇടമറ്റം	01-04-2019	31-03-2020
സിയാദ്.വി.എ	വി.ഇ.ഒ,പൂവരണി	01-04-2019	31-03-2020
കൊച്ചുറാണി തോമസ്	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2019	31-03-2020
സുധീർ.പി.എസ്	വെറ്ററിനറി സർജൻ	01-04-2019	31-03-2020
ജോർജ് തോമസ്	ഹെഡ് മാസ്റ്റർ	01-04-2019	31-03-2020
ഹെയ്സിൻ ജേക്കബ്	മെഡിക്കൽ ഓഫീസർ(പിഎച്ച്സി)	01-04-2019	29-04-2019
നിർമ്മൽ മാത്യു ജോസ്	മെഡിക്കൽ ഓഫീസർ(പിഎച്ച്സി)	30-04-2019	31-03-2020
തുളസിഭായ്.സി.ആർ.	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2019	31-03-2020
ഹേമ.കെ.കർത്താ	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2019	31-03-2020
ലിബീഷ് മാത്യു	ഡയറി ഫീൽഡ് ഇൻസ്ട്രക്ടർ	01-04-2019	31-03-2020
സ്മിത.കെ	അസി. എഞ്ചിനീയർ	01-04-2019	18-06-2019
സാനു.വി.റ്റി	അസി. എഞ്ചിനീയർ	19-06-2019	26-07-2019

അഹനാ മനോഹർ	അസി. എഞ്ചിനീയർ	27-07-2019	31-03-2020
മിനിജ.പി.തോമസ്	അസി. സെക്രട്ടറി	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് വേരിഫിക്കേഷൻ	1-8
9	ആഭ്യന്തരനിയന്ത്രണസംവിധാനം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.	1-10
11	എസ്.എസ്.എ-വിനിയോഗമില്ലാത്ത ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം നഷ്ടമാകുന്നു.	1-11
12	വ്യാപാരാവശ്യങ്ങൾക്ക് ലൈസൻസെടുത്ത കെട്ടിടങ്ങൾ സഞ്ചയ അസസ് മെന്റ് പ്രകാരം പാർപ്പിടാവശ്യമെന്ന് രേഖപ്പെടുത്തി.	1-12
13	സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടങ്ങൾ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കി	1-13
14	തൊഴിൽ നികുതി -അപാകതകൾ	1-14
15	പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് , ഫിഷ് സ്റ്റാൾ മുറികൾ വാടകയ്ക്കെടുത്തവർ ലൈസൻസ് എടുക്കുന്നില്ല.	1-15
16	ഫിഷ് മാർക്കറ്റ് സ്റ്റാളുകളുടെ ലേലം- അപാകതകൾ	1-16
17	തടി ലേലം	1-17
18	ലൈസൻസ് എടുക്കാതെ പൊതുവിതരണ കേന്ദ്രങ്ങളും കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നു.	1-18
19	ഇ-ടെൻഡർ- ടെൻഡർ ഫീസ്, ഇ.എം.ഡി എന്നിവ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല.	1-19
20	ഗ്രാമസഭ	1-20
21	ജലനിധി പദ്ധതി- പദ്ധതി പൂർത്തിയായെങ്കിലും ബില്ലുകൾ സെറ്റിൽ ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല - അധികം വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതെ അവശേഷിക്കുന്നു-.	1-21
22	സർക്കാർവക സ്ഥലത്ത് കിണർ നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തിയ്ക്ക് അനുമതി നൽകി.	1-22
23	അപകടകരമായി നിന്ന മരങ്ങൾ വെട്ടിമാറ്റിയത്- വാഹനവാടകയിനത്തിൽ തുക ചെലവഴിച്ചു.	1-23
24	ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി- കോൺക്രീറ്റിംഗ് പ്രവൃത്തികൾ- ബില്ലിൽനിന്ന് ആദായനികുതി ഈടാക്കിയില്ല.	1-24
25	ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി - പ്രവൃത്തി ചെയ്യാത്ത വ്യക്തിയ്ക്ക് കൂലി അനുവദിച്ചു.	1-25
26	കുടിവെള്ള കിണർ മെയിന്റനൻസ് – മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു	1-26
27	എസ്.എസ്.എ- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല	1-27
28	കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തത്-വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല.	1-28
29	ലൈഫ് ഭവനനിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കിയില്ല	1-29
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 7.2.2019ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെ കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം
മുന്നിരിപ്പ്	2263985	10680730.53	(+)8416745.53
വരവ്	97025760	45140071	(-)51885689
ആകെ	99289745	55820801.53	(-)43468943.47
ചെലവ്	95000798	49252362	(-)45748436
നീക്കിയിരിപ്പ്	4288947	6568439.53	(+)2279492.53

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളത മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രക ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്. {ഓഡിറ്റ് വർഷത്തെ പുതുക്കിയ ബ 29.01.2020ൽ ചേർന്ന ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് (തീരുമാനം നം. 5 (1)}.

1-2 വാർഷികധനകാര്യപത്രിക

31-7-2020 നകം ലഭിക്കേണ്ടിയിരുന്ന വാർഷിക കണക്ക് 24-7-2020 ന് ലഭ്യമാക്കിയിട്ടുണ്ട്. പ്രാഥമിക പരിശോധനയിൽ അപാകതം ഇല്ലാതിരുന്നതിനാൽ വാർഷികകണക്ക് സ്വീകരിച്ചു.

വാർഷിക കണക്കുകളുടെ അവലോകനം

1) 26.07.2011ലെ ജി. (ഒ.എം.എസ്) 152/11എൽ.എസ്.ജി.ഡി.ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമ പൂർത്തിയായിട്ടില്ലാത്തിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2020ലെ ജനറൽ ഫണ്ട് കൃത്യമല്ല

3) വസ്തു നികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോ വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) B- 18 ഷെഡ്യൂളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 31.03.18 ൽ നൽകിയ 5 ലക്ഷം രൂപ അഡ്വാൻസ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

5) KURDFC യിൽ നിന്ന് ലൈഫ് മിഷൻ പദ്ധതിയ്ക്കായി എടുത്ത വായ്പയുടെ തിരിച്ചടവ് വിവരങ്ങൾ RP -32 Secured Loan
ഷെഡ്യൂളിൽ ചേർക്കുന്നതിനു പകരം RP -16 Decentralised Plan Programe Service Sector എന്ന ഷെഡ്യൂളിലാണ് ചേർന്നിട്ടുള്ളത്.
6) സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്ന് തൻവർഷം 931422/- രൂപ ലഭിച്ചിരുന്നവെങ്കിലും RP-7ൽ 450000/- എന്നാണ് ടിയിനത്തിൽ വരവു ചേർന്നിട്ടുള്ളത്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	10680730.53
ഓഡിറ്റ് വർഷത്തെ വരവ്	45140071
ആകെ	55820801.53
ഓഡിറ്റ് വർഷത്തെ ചെലവ്	49252362
നീക്കിയിരിപ്പ്	6568439.53
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	446639/-

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)	0	8747000	8747000	6922030*	1824970
വികസന ഫണ്ട് (എസ്.സി.പി.)	0	1843000	1843000	1056797	786203
വികസനഫണ്ട് (ടി.എസ്.പി.)	0	137000	137000	98753	38247
ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്)	0	0	0	0	0

ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	0	6687649	6687649	3727748	2959901
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	12100000	12100000	5349952	6750048
മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)		3251000	3251000	1563822	1687178*
എം.ജി.എൻ.ആർ.ഇ.ജി.എസ്	55217	14484465	14539682	14533743	5939
ഐസിഡിഎസ്	1130445	189757	1320202	644971**	675231
ശുചിത്വമിഷൻ	516943	0	516943	252000**	264943

* ഡെവലപ്മെന്റ് ഫണ്ട് ജനറലിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും സുലേഖ ചെലവു പത്രിക പ്രകാരവും ചെലവ് ര
വ്യത്യാസമുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
** പദ്ധതിയിതര ചെലവുകൾ ഉൾപ്പെടെ.

ഫണ്ടിനം	എസിആർ പ്രകാരം ചെലവ്	സുലേഖ പ്രകാരം ചെലവ്	വ്യത്യാസം
ഡെവലപ്മെന്റ് ഫണ്ട് (ജനറൽ)	6922030	6771230	150800

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിതകർമ്മസേന വയബിലിറ്റി ഗ്യാപ് ഫണ്ട് (പ്രൊജക്ട് നം.33/2020) പ
പദ്ധതിയുടെ ചെലവായ 150800/- രൂപ സുലേഖ ചെലവു പത്രികയിൽ ഇല്ല.

കൂടാതെ, വി.ഇ.ഒ. നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം (പ്രൊജ.നം.205) പ്രൊജക്ടിൽ ഗുണഭോക്താവ
ശ്രീ.രാജിമോൻ കെ.ആർ. ന് ജില്ലാ പഞ്ചായത്ത് വിഹിതമായ 100000/- രൂപ 2019-20 വർഷത്തിൽ നൽകിയിട്ടുണ്ടെങ്കിലും ടി. ര
ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ ഐ.കെ.എം. നെ അറിയിച്ച് പരിഹരിക്കുന്നതാണെന്ന് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1.ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകക
രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമ
പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകള
കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

2. വികസന ഫണ്ട് ജനറലിൽ സേവന മേഖലയിൽ ചെലവു പത്രിക പ്രകാരം സേവനം, പശ്ചാത്തലം എന്നിവ പ്രകാരം യഥാക്ര
28,3 വീതം പ്രൊജക്കുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 29,4 വീതംപ്രൊജക്കുകളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം എന്നിവയുടെ വരവ് ചെലവുകൾ നിരീക്ഷിക്ക
അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ആയവ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമ
തുകയുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് നിർണയിക്കാൻ സാധിച്ചിട്ടില്ല. (ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, വരവ് എന
ഉൾപ്പെടുത്തിയിട്ടില്ല.)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം
204	65749200	119	29754530	-	85	5

11.03.2020ലെ 25-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അന്തിമ അംഗീകാരം നല്കിയ വാർഷികപദ്ധതി പ്രോജക്കു
ജില്ലാ ആസൂത്രണസമിതിയുടെ 16.3.2020 ലെ 2707/18/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകരിച്ചു.

ഗ്രാമപഞ്ചായത്തിന്റെ തനതു സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്കുകൾ ആവിഷ്ക്കരിക്കുന്നതിന് ഭരണസമിതി ശ്ര
ചെലുത്തിയതായി കാണുന്നു. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടു
അങ്കണവാടികളുടെയും എൽ.പി. സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്കുകൾ ആവിഷ്ക്ക
നടപ്പാക്കിയിരുന്നു. ആശുപതികളിലേയ്ക്ക് മരുന്നുകൾ/ അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായ
ഓഫീസ് കെട്ടിടനിർമ്മാണം മൂന്നാംഘട്ടം പൂർത്തിയാക്കി ഫൈനൽബിൽ നൽകിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയ
ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അംഗങ്ങൾക്ക് പ്രതിഫ
നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന
യൂസർഫീ ഈടാക്കിവരുന്നു.

എന്നാൽ ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന ആവശ്യങ്ങൾ പൂർണ്ണമായി പരിഗണിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്ത
മുകളേൽപീടികയിലെ അങ്കണവാടിയ്ക്ക് സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും പഴയ കെട്ടിടമായതിനാൽ പുതിയ കെട്ട
നിർമ്മിക്കണമെന്ന ഗ്രാമസഭയുടെ ആവശ്യം പരിഗണിച്ചിരുന്നില്ല. കൂടാതെ, അങ്കണവാടികളിൽ വിതരണം ചെയ്യ
പോഷകാഹാര സാധനങ്ങളുടെ ഗുണനിലവാരം ടെസ്റ്റുചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നില്ല. പശ്ചാത്തലമേഖലയ
അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 117 പ്രോജക്കുകളിൽ 50% പ്രോജക്കുകൾ പോ
തൻവർഷം പൂർത്തീകരിച്ചില്ല. ലോക്ഡൗണിനെ തുടർന്ന് ബില്ലുകൾ യഥാസമയം മാറുന്നതിന് സാധിക്കാതിരുന്നതിനാ
സമയബന്ധിതമായി പ്രോജക്കുകൾ നടപ്പാക്കാതിരുന്നതിനാലും ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറ
പ്രകാരം ആകെ 14046547 രൂപ ലാപ്സായിട്ടുണ്ട്.

ഗ്രാന്റിനം	തുക (രൂപ)
വികസന ഫണ്ട് (ജനറൽ)	1824970
വികസന ഫണ്ട് (എസ്.സി.പി.)	786203

വികസനഫണ്ട് (ടി.എസ്.പി.)	38247
ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	2959901
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	6750048
മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	1687178
ആകെ	14046547

വിവിധ നിർവഹണോദ്യോഗസ്ഥർ മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	തുക (രൂപ)		പ്രോജക്ടുകളുടെ എണ്ണം	
	അടങ്കൽ	ചെലവ്	ആവിഷ്ക്കരിച്ചത്	നിർവഹണം നടത്തിയത്
കൃഷി ഓഫീസർ	1075596	257468	5	2
വെറ്ററിനറി സർജൻ	1586500	1097148	5	5
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	951688	488068	5	4
മെഡിക്കൽ ഓഫീസർ (ഹോമിയോ)	100000	100000	1	1
മെഡിക്കൽ ഓഫീസർ (ആയുർവേദം)	250000	250000	1	1
വി.ഇ.ഒ	20328320	6658641	18	14
ഐ.സി.ഡി.എസ്	3183700	2816960	5	4
സെക്രട്ടറി	8210844	5834482	39	33
അസിസ്റ്റന്റ് എഞ്ചിനീയർ	27950641	10816566	117	47
ഹെഡ്മാസ്റ്റർ	590000	588400	3	3
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	750000	750000	1	1
അസിസ്റ്റന്റ് സെക്രട്ടറി	221911	196797	4	4
ആകെ	65350000	29854530	204	119

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

തൊഴിലുറപ്പു പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളിക ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിച്ച 245 പ്രോജക്ടുകളിൽ എണ്ണം തൻവർഷം നടപ്പിലാക്കി. 43201 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 704കുടുംബങ്ങൾ തൊഴിൽ ഡിമാൻഡുചെയ്തു.

പദ്ധതിയുടെ തൻവർഷത്തെ വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

വരവ്		ചെലവ്	
മുന്നിരിപ്പ്	55217	തനതുഫണ്ട് തിരികെ നൽകിയത്	680314
ഭരണചെലവ്	625767	കില പരിശീലനം	10750
കില പരിശീലനം	12095	ഓണം അലവൻസ് (100ദിനം)	207000
ഓണം അലവൻസ് (100ദിനം)	207000	ഇ.എഫ്.എം.എസ്	
തൊഴിലാളികളുടെ വേതനം	12117721	തൊഴിലാളികളുടെ വേതനം	12117721
സാധനങ്ങളുടെ വില	1517958	സാധനങ്ങളുടെ വില	1517958
ബാങ്ക് പലിശ	3924	നീക്കിയിരിപ്പ്	5939
ആകെ	14539682		14539682

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം
1.	ലൈഫ് ഭവനനിർമ്മാണം	4
2.	കോഴിക്കൂട് നിർമ്മാണം	23
3.	ആട്ടിൻകൂട് നിർമ്മാണം	12
4.	കാലിത്തൊഴുത്ത് നിർമ്മാണം	10
5.	മഴക്കുഴി കയ്യാല ഭൂവികസനം	10
6.	അസോള ടാങ്ക് നിർമ്മാണം	5
7.	റോഡ് കോൺക്രീറ്റിംഗ്	9
8.	എം.സി.എഫ്	1

9.	ഫാം പോണ്ട്	2
10.	സോക്ക് പിറ്റ് നിർമ്മാണം	6

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	39000	19
കർഷകതൊഴിലാളി പെൻഷൻ	820800	277
വിധവാപെൻഷൻ	2617200	881
വാർദ്ധക്യകാലപെൻഷൻ	6410700	2130
വികലാംഗപെൻഷൻ	936900	315
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	277800	95

1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-03-2021ൽ 3 പി എ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38822/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പി കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്. പൂർണ്ണമായി ഓൺലൈൻ സേവ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട വിവരങ്ങൾ എല്ലാംതന്നെ സോഫ്റ്റ്വെയ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. രജിസ്റ്ററുകളുടെ അഭാവംമൂലം ബി-4 ഷെഡ്യൂളിലെ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ, ഷെഡ്യൂളിലെ ഗവ.ഡ്യൂസിന്റെ പ്രവൃത്തി തിരിച്ചുള്ള തുകകൾ, ജലനിധിയ്ക്ക് നാളിതുവരെ കൈമാറിയ തുകകൾ, എ വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് സാധിച്ചിട്ടില്ല. ഓൺലൈൻ സേവനം പൂർണ്ണമാക്കുന്നതോടൊപ്പം വിവരങ്ങ കൃത്യത ഉറപ്പുവരുത്തുന്നതിന് അത്യാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം നികുതിനികുതിയിതര വരുമാനങ്ങൾ നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും വേണ്ടത്ര ജാ പുലർത്തിയിരുന്നില്ല. ബജറ്റ് തയ്യാറാക്കൽ, വാർഷിക പദ്ധതി രൂപീകരണ, നിർവ്വഹണ പ്രവർത്തനങ്ങൾ എന്ന യഥാർത്ഥവിവരശേഖരങ്ങളുടെ അടിസ്ഥാനത്തിലല്ല നടത്തിയിരുന്നത്. ദേശീയ തൊഴിലുറപ്പുപദ്ധതിയുടെ നിർവ്വഹണത്ത ഫലപ്രദമായ മോണിട്ടറിംഗ് നടപടികൾ ഉറപ്പുവരുത്തിയിരുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനനിലവ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ഭരണസമിതിയും ഉദ്യോഗസ്ഥരും കൂട്ടായി പ്രവർത്തിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് അവസാനമായി നടന്നത് 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിലേതാണ്. LBA(HQ 2753/345/ തീ.1.3.2018 നമ്പരായ പ്രസ്തുത റിപ്പോർട്ടിൽ I(3),IV(1) എന്നീ പരാമർശങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. ഗുരുതര പരാമർശങ്ങളൊന്നും റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

1-11 എസ്.എസ്.എ-വിനിയോഗമില്ലാത്ത ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം നഷ്ടമാകുന്നു.

ഗ്രാമപഞ്ചായത്തിന്റെ എസ്.എസ്.എ അക്കൗണ്ടിൽ വർഷങ്ങളായി പണമിടപാടുകൾ നടക്കുന്നില്ലെന്നു പരിശോധനയ ബോധ്യപ്പെട്ടു. എന്നാൽ ടി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ട് കീപ്പിംഗ് ചാർജിനത്തിൽ ബാങ്ക് എല്ലാ വർഷവും ഡെബിറ്റ് ചെയ്യുന്നുണ്ട്. 2017-18 ൽ അക്കൗണ്ടിൽ 54446 രൂപ അവശേഷിച്ചിരുന്നു. 12.3.2020 തീയതി വരെയായി 2579 രൂപ അക്ക കീപ്പിംഗ് ചാർജിനത്തിൽ പിൻവലിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ 51866 രൂപയാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്. അക്കൗണ്ട നിന്നും പണം നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കുകയോ എസ്.എസ്.എ അക്കൗണ്ടിലെ അവശേഷിക്കുന്ന തുക തിരി അടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യുകയോ ചെയ്യേണ്ടതാണ്.

1-12 വ്യാപാരാവശ്യങ്ങൾക്ക് ലൈസൻസെടുത്ത കെട്ടിടങ്ങൾ സഞ്ചയ അസസ് മെന്റ് പ്രകാരം പാർപ്പിടാവശ്യമെന്ന് രേഖപ്പെടുത്തി.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സംരംഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കുന്നതിന് സമർ അപേക്ഷകളിൽ സംരംഭങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയ കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്വെയ വസ്തുനികുതിയ്ക്കായി അസസ് ചെയ്തിട്ടുള്ളത് പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലാണ് . വിശദാംശങ്ങൾ ചു ചേർക്കുന്നു.

ക്രമ നം	ലൈസൻസ് എടുത്തയാളുടെ പേര്	സ്ഥാപനത്തിന്റെ തരം	ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിട നം	സഞ്ചയ പ്രകാരം കെട്ടിട ഉടമയുടെ പേര്	വിസ്തീർണ്ണം (ച.മീ.)
1	ജോസ് അലക്സ്, പിണമറുകിൽ	ടെക്സ്റ്റൈയിൽസ്	7/91	ജോസ് അലക്സ്, പിണമറുകിൽ	47
2	ജി.പി. സുകുമാരൻ, ശ്യാമളാലയം	പലചരക്ക് കട	13/252	സജിമോൻ എ.ജി., അരിയ്ക്കൽതാഴെ	59

3	മോഹനൻ ചെട്ടിയാർ, പനച്ചിക്കൽ	തേയില, എണ്ണ,ബിസ്ക്കറ്റ് സ്റ്റോക്ക് ചെയ്ത് വിൽപ്പന	13/96	മോഹനൻ ചെട്ടിയാർ, പനച്ചിക്കൽ	204
4	ജിസ് ഒ.എസ്., ഓലിയ്ക്കൽ	ഇലക്ട്രിക്കൽ സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന	9/367	ബിനിൽകുമാർ, മുകളേൽ	43
5	സുബ സാബു, മുകളേൽ	ഹയറിംഗ്, ഡെക്കറേഷൻ,പന്തൽ നിർമ്മാണം	10/332 A	സുബ സാബു, മുകളേൽ	311.51
6	തങ്കമ്മ, പാംബ്ലാനിയിൽ	സ്വർണ്ണക്കട	7/165	മോളി സണ്ണി, പാലൂക്കുന്നേൽ	134
7	എൻ.വി. വർക്കി,നന്തിക്കാട്ടുകണ്ടത്തിൽ	വളം വ്യാപാരം	7/578	എൻ.എ.വർഗീസ്, നന്തിക്കാട്ടുകണ്ടത്തിൽ	158
8	കെ.എ.ജോർജ്, കൊച്ചുപറമ്പിൽ	ഓട്ടോമൊബൈൽ ഷോപ്പ്	7/277	കെ.എ.ജോർജ്, കൊച്ചുപറമ്പിൽ	66
9	രജീഷ് വി.ആർ., വട്ടോത്തുകുഴിയിൽ	കാർ വർക്ക്ഷോപ്പ്	9/375	ബിനിൽകുമാർ, മുകളേൽ	21.34
10	സുബാഷ്, മുകളേൽ	സ്റ്റേഷനറി കട	12/316	സുനിൽ കുമാർ, ആനിക്കാട്ട്	69.76
11	ജെയിസൺ ചെറിയാൻ, പുല്ലാട്ട്	റബർ ഷീറ്റ് വിൽപ്പന	10/345 A1	ലീലാമ്മ ജോസഫ്, മുത്തുമല	13
12	അപ്പു എം. മിത്രൻ, മച്ചിയാനിക്കൽ	ഗേറ്റ് നിർമ്മാണം, ടാപ്പിംഗ് കത്തി നിർമാണം	3/34	കുര്യാച്ചൻ എം.എ.,	40

വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗത്തിലുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യം എന്നു രേഖപ്പെടുത്തി നിക നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ 7/18.03.21 നമ്പർ എൻക്വയറിക്ക് പ്രസ്തുത കെട്ടിടങ്ങളെ ശരിയ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി പുനർനിർണയിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പ കെട്ടിടങ്ങൾ കൂടാതെ മറ്റു പല കെട്ടിടങ്ങളും ഇത്തരത്തിൽ തെറ്റായ ഉപയോഗക്രമത്തിലുണ്ടാകാൻ സാധ്യതയുണ്ട്. ആയതിന ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളും യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ അസസ്സ് ചെയ്യുന്നത ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടങ്ങൾ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കി

60 ച.മീറ്റർ (660 സ്ക്വയർ ഫീറ്റ്) വരെ വിസ്തീർണമുള്ളതും ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തുനികുതിയിൽ ന ഒഴിവാക്കുന്നതിന് G.O (MS)144/15/തസ്വഭവ തീയതി 27.04.2015 നമ്പരായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന സ.ഉ(എം.എസ്.) നം. 358/15 തീ.16.12.15 പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഇതിൽ നിന വ്യതിചലിച്ച് ഒരേ വ്യക്തിയുടെ രണ്ട് കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ടെന്നു കാണുന്നു.

ക്രമ നം	വാർഡ്/ കെട്ടിട നം	സഞ്ചയ പ്രകാരം കെട്ടിട ഉടമ	തറ വിസ്തീർണം (ച.മീ)
1	5/307 A	പുരുഷോത്തമൻ, മണ്ഡപത്തിൽ, വിളക്കുമാടം	52.81
2	5/305 B	പുരുഷോത്തമൻ, മണ്ഡപത്തിൽ, വിളക്കുമാടം	18
3	8/518 A	പ്രകാശ് റ്റി.ആർ., തകിടിയേൽ	29.37
4	8/518 D	പ്രകാശ് റ്റി.ആർ., തകിടിയേൽ	38.11
5	6/25 B	ജിജോ മാത്യു, പുത്തൻപുരയ്ക്കൽ	78.21(വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്)
6	6/25 A	ജിജോ മാത്യു,	21.5

		പുത്തൻപുരയ്ക്കൽ	

ടി കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ 8/18.03.21 എൻക്വയറിക്ക് മറു ലഭ്യമായില്ല. വസ്തു നികുതി ഒഴിവാക്കി നൽകിയതിലുണ്ടായ അപാകതകൾ പരിഹരിച്ച് നികുതി ഈടാക്കേണ്ട കെട്ടിടങ്ങ വസ്തുനികുതി നിർണയിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-14 തൊഴിൽ നികുതി -അപാകതകൾ

1.തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സപ്ലൈക്കോ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴ നികുതി അടവാക്കിയിട്ടില്ലെന്നു കാണുന്നു. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പാദക സഹക സംഘങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ, ടോഡി പാർലറുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നിക അടവാക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ 09/18.03.21 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് തൊഴിൽനിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

2.തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നിക അടവാക്കിയിട്ടില്ലെന്നു കണ്ടു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അടവാക്കാത്ത അർദ്ധവർഷം
1	സപ്ലൈക്കോ	രണ്ടാം അർദ്ധവർഷം
2	ബിഎസ് എൻഎൽ	ഒന്നും രണ്ടും അർദ്ധവർഷം

കൂടാതെ, പഞ്ചായത്ത് പരിധിയിൽ പെടുന്ന ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ, ടോ പാർലറുകൾ എന്നിവയുടെ സ്ഥാപന തൊഴിൽ നികുതിയും അടവാക്കുന്നതായി കാണുന്നില്ല. സ്ഥാപന തൊഴിൽ നിക അടവാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ത വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, ഫിഷ് സ്റ്റാൾ മുറികൾ വാടകയ്ക്കെടുത്തവർ ലൈസൻസ് എടുക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്കെടുത്ത വ്യക്തികൾ തങ്ങളുടെ വ്യാപാരങ്ങൾ /സംരംഭ നടത്തുന്നതിലേയ്ക്കായി 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സംര പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2019-20 വർഷം പഞ്ചായത്തിൽ നി ലൈസൻസ് എടുത്തിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാടകയ്ക്കാരന്റെ പേര്	കെട്ടിട നമ്പർ
1	ബോബി കെ ജോസ്	7/54 (ഷോപ്പിംഗ് കോംപ്ലക്സ്)
2	ജോയി സെബാസ്റ്റ്യൻ	7/55(")
3	കെ.കെ. ഷാജി	7/56(")
4	സണ്ണി ജോസഫ്	7/59(")
5	ജോ ജോസ്	7/64(")
6	വി.പി. സുരേഷ്	7/65(")
7	ബെന്നി ജോസഫ്	7/66(")
8	ബെന്നി ജോസഫ്	7/67(")
9	ബെന്നി ജോസഫ്	7/68(")
10	ബിജു മാധവൻ	7/69(")
11	കെ.സി.ചാക്കോ	ഫസ്റ്റ് ഫ്ലോർ മുറി (")
12	തോമസ് മാത്യു	7/60(")
13	ജോജോ എബ്രഹാം	7/63(")
14	ജി മുരളീധരൻ	7/58(")
15	ജി.മുരളീധരൻ	7/61(")
16	കൃഷ്ണദാസ് എച്ച്	7/58(")
17	കൃഷ്ണദാസ് എച്ച്	7/61(")
18	റ്റിജോ വർഗീസ്	ഫിഷ് സ്റ്റാൾ -1
19	ബേബി കുര്യൻ	ഫിഷ് സ്റ്റാൾ -7
20	തോമസ് പുലികുത്തിയിൽ	ഫിഷ് സ്റ്റാൾ -6

ഇതു സംബന്ധിച്ച നൽകിയ 6/17.03.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. പഞ്ചായത്ത് പരിധിയ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ടെന്നാണ് രജിസ്റ്ററുകൾ പരിശോധിച്ചത നിന്നും മനസിലാക്കുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും യഥാസമയം ലൈസ എടുക്കുകയും പുതുക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-16 ഫിഷ് മാർക്കറ്റ് സ്റ്റാളുകളുടെ ലേലം- അപാകതകൾ

1. 2019-20 വർഷം സ്റ്റാളുകൾ ലേലം ചെയ്തപ്പോൾ സ്റ്റാൾ നം. 3 പട്ടിക ജാതി/പട്ടിക വർഗ/ഫിസിക്കലി ഹാൻഡിക്ക വിഭാഗത്തിനായി സംവരണം ചെയ്തിരുന്നു. 20.6.19 ലെ ലേലത്തിൽ സംവരണ വിഭാഗത്തിൽ പെട്ട സതീഷ് കുമാർ എന്നയ ലേലത്തിൽ പങ്കെടുത്തിരുന്നു. സംവരണവിഭാഗത്തിലെ ഒരാൾ മാത്രമാണ് ലേലത്തിൽ പങ്കെടുത്തതെന്ന കാരണത്താൽ ടിയ ലേലം ഉറപ്പിക്കാതെ പുനർലേലം ചെയ്യുകയാണുണ്ടായത്. ഇതു സംബന്ധിച്ചു നൽകിയ 4/17.03.2021നമ്പർ എൻക്വയറി വിശദീകരണം ലഭ്യമായില്ല. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ്/ ഫിഷ് മാർക്കറ്റ് എന്നിവയ സംവരണവിഭാഗങ്ങൾക്കായി മുറി അനുവദിച്ചു നൽകിയിട്ടില്ല. ആയത് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്ക കയ്യൊഴിയലും ചട്ടങ്ങൾ – ചട്ടം 10ന്) വിരുദ്ധമാണ്. ആയതിനാൽ ടി വിഭാഗങ്ങൾക്ക് അർഹമായ രീതിയിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2019-20 വർഷം 3,4,5 സ്റ്റാളുകളിൽ നിന്നും വരവുകളൊന്നുമില്ലെന്നു കാണുന്നു. കൂടാതെ 6,7 എന്നീ സ്റ്റാളുകൾ ലേലം കൊണ്ട സെപ്റ്റംബർ 2019 മുതൽ ഒഴിവായിട്ടുള്ളതായി കാണുന്നു. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ 4/17.03.21 നമ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. പഞ്ചായത്തിന്റെ കടമുറികളിൽ നിന്നും സ്റ്റാളുകളിൽ നിന്നും തനതു വരുമ ലഭിക്കുന്നതിനാവശ്യമായ സത്വരമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 തടി ലേലം

പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള തടികളുടെ ലേലം 7.11.19 ന് നടത്തിയിരുന്നു. വനംവകുപ്പിൽനിന്ന് ല വാല്യുവേഷൻ ഉയർന്നതായിരുന്നതിനാലും മറ്റു കാരണങ്ങളാലും നിലവിൽ ലേലം നടത്താൻ അവശേഷിക്കുന്ന തടികള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ലേല ഇനം	ലേല വസ്തു സ്ഥിതി ചെയ്യുന്ന സ്ഥലം
1	തേക്ക് മരം	പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് കുടുംബശ്രീ കെട്ടിടത്തിന് പിൻവശം
2	തേക്ക് മരം	പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് വാഹന ഷെഡിന് മുൻവശം
3	പ്ലാവ് തടികൾ	പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് വാഹന ഷെഡിന് സമീപം
4	ആഞ്ഞിലിമരം	2-ാം വാർഡിൽ തറപ്പേൽകടവിന് സമീപം അപകടാവസ്ഥയിൽ നിൽക്കുന്നത്
5	തേക്ക് മരം	2-ാം വാർഡിൽ മീനച്ചിലാറിനോട് ചേർന്ന് നിൽക്കുന്നത്
6	ആഞ്ഞിലിമരം	വിളക്കുമാടം, പഞ്ചായത്ത് പുറമ്പോക്ക്
7	ആഞ്ഞിലിമരം	വിളക്കുമാടം, പഞ്ചായത്ത് പുറമ്പോക്ക്
8	പ്ലാവ് തടി	പൈക തോട് പുറമ്പോക്കിൽ കിടക്കുന്നത്
9	മരുത് മരം	പച്ചാത്തോട് കോളനിയിൽ നിൽക്കുന്നത്
10	പാലമരം	12-ാം വാർഡിൽ മീനച്ചിൽ തോടിന് കുറുകെ കിടക്കുന്ന പാലമരം
11	പാലമരം	8-ാം വാർഡിൽ സൗമ്യ, ആനിത്തോട്ടത്തിന്റെ പുരയിടത്തിലേക്ക് വീണ് കിടക്കുന്ന പാലമരം

മേൽ പ്രസ്താവിച്ച മരങ്ങൾ ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ (എൻക്വയറി നം. 3/17.03.21) ഹാജരാക്കിയ മറുപടിയിൽ തടികൾ ലേലം കൊള്ളാൻ ആരും തയ്യാറായില്ലെന്നും 2020-21 ൽ നടത്ത പുനർലേലത്തിൽ ക്രമ നം. 6,7 എന്നിവ ലേലത്തിൽ പോയെന്നും അറിയിച്ചിട്ടുണ്ട്. ബാക്കി തടികളുടെ വാല്യുവേഷൻ കു നൽകുന്നതിന് അസി.ഫോറസ്റ്ററോട് അഭ്യർത്ഥിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപകടാവസ്ഥയിലുള്ള മരങ്ങൾ അടിയന്തിരമായി വെട്ടിനീക്കുന്നതി പഞ്ചായത്ത് ഫണ്ടിലേക്ക് തുക വരവു വെക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ലൈസൻസ് എടുക്കാതെ പൊതുവിതരണ കേന്ദ്രങ്ങളും കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങളും കള്ളുഷാപ്പുകളും 1996 ലെ കേരള പഞ്ചായ രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽക ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ലെന്നു കാണുന്നു. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും എ റിപ്പോർട്ടിലും പ്രസ്തുത വിഷയം പരാമർശമായിട്ടുണ്ടെങ്കിലും ആയതിനുള്ള നടപടികൾ ഇപ്പോഴും സ്വീകരിച്ചിട്ടില്ല. ഇ സംബന്ധിച്ച് നൽകിയ 10/19.03.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ പൊതുവിത കേന്ദ്രങ്ങളും കള്ളുഷാപ്പുകളും ലൈസൻസ് നേടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-19 ഇ-ടെൻഡർ- ടെൻഡർ ഫീസ്, ഇ.എം.ഡി എന്നിവ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വാർഷികപദ്ധതിയുടെ ഭാഗമായി 5ലക്ഷം രൂപയ്ക്കുമേൽ അടങ്കൽ വരു പ്രോജക്ടുകൾ നിർവഹിക്കുന്നതിന് ഇ-ടെൻഡർ ക്ഷണിച്ചിരുന്നു. ഇ-ടെൻഡറിൽ പങ്കെടുക്കുന്ന കരാറുകാർ ഒടുക്കുന്ന ടെൻ ഫീസ്, ഇ.എം.ഡി എന്നിവ സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി.ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറ അക്കൗണ്ടിലേയ്ക്കാണ് വരവുവെയ്ക്കപ്പെടുന്നത്. ടെൻഡർ അംഗീകരിക്കുന്നമുറയ്ക്ക് ഗ്രാമപഞ്ചായത്തിന് അർഹമായ ത എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്ന് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് വരവ് വെയ്ക്കേണ്ടതാ എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ഇപ്രകാരം തുകയൊന്നും ട്രാൻസ്ഫർ ചെയ്തിട്ടില്ലാത്തത ധനകാര്യപത്രികയുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്ക തുകകൾ ടി അക്കൗണ്ടിൽനിന്ന് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കുന്നത 11/19.3.2021നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിന് ടിയിനത്തിൽ നാളിതുവരെ തുകയൊ

ലഭിച്ചിട്ടില്ലെന്നാണ് ഓഡിറ്റിൽ അറിയിച്ചത്. ആയതിനാൽ ടെൻഡർ ഫീസ്, ഇ.എം.ഡി എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്ത നാളിതുവരെ ലഭിക്കേണ്ടതായ തുക പൂർണ്ണമായി ഈടാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ഗ്രാമസഭ

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന് പാലിക്കുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലും സാമ്പത്തിക വർഷം ആകെ 2 പ്രാവശ്യം മാത്രമാണ് യോ ചേർന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭയുടെ സംഘാടനം നടത്തുന്നത് 6 മാസത്തിലൊരിക്കലാണ് എന്ന് കാണുന്നു. നിയമവിരുദ്ധമാണ്. നിയമപ്രകാരമുള്ള കാലയളവായ മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ സംഘടിപ്പിക്കുറ ജനപ്രതിനിധികളും ഭരണസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്.

വാർഡ് നമ്പർ/ പേര്	ഗ്രാമസഭകൾ ചേർന്ന തീയതി			
	2019-20		ജലസംരക്ഷണം/ തൊഴിലുറപ്പുപദ്ധതി ഗുണഭോക്തൃലിസ്റ്റ് അംഗീകാരം/ റേഷൻകട വിജിലൻസ് കമ്മിറ്റി രൂപീകരണം	പദ്ധതി രൂപീകരണം
	പദ്ധതി നിർദ്ദേശങ്ങൾ	ഗുണഭോക്തൃ തിരഞ്ഞെടുപ്പ്		
1-പാറപ്പള്ളി	6.11.2018	10.2.2019	21.7.2019	1.2.2020
2-കിഴപറയാർ	4.11.2018	10.2.2019	21.7.2019	2.2.2020
3-ഇടമറ്റം	3.11.2018	12.2.2019	3.8.2019	3.2.2020
4-പൂവത്തോട്	10.11.2018	10.2.2019	2.8.2019	1.2.2020
5-ചാത്തംകുളം	2.11.2018	12.2.2019	28.7.2019	1.2.2020
6-വിളക്കുമാടം	4.11.2018	10.2.2019	28.7.2019	2.2.2020
7-പൈക	11.11.2018	10.2.2019	28.7.2019	2.2.2020
8-പൂവരണി	10.11.2018	12.2.2019	29.7.2019	3.2.2020
9-മുകളേൽപീടിക	12.11.2018	11.2.2019	23.7.2019	1.2.2020
10-കൊച്ചുകൊട്ടാരം	4.11.2018	8.2.2019	1.8.2019	30.1.2020
11-പാലാക്കാട്	8.11.2018	8.2.2019	1.8.2019	4.2.2020
12-വിളക്കുമരുത്	11.11.2018	10.2.2019	21.7.2019	2.2.2020
13-മീനച്ചിൽ	7.11.2018	12.2.2019	30.7.2019	4.2.2020

1-21 ജലനിധി പദ്ധതി- പദ്ധതി പൂർത്തിയായെങ്കിലും ബില്ലുകൾ സെറ്റിൽ ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല - അധികം വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതെ അവശേഷിക്കുന്നു-.

ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയിലെ ഏതാനും ഗുണഭോക്തൃസമിതികൾ തിരിച്ചടവ് യഥാസമ നടത്താതിരുന്നതിനെ തുടർന്ന് ടി സമിതികളിൽനിന്ന് തുക ഈടാക്കിയതിനുശേഷം മാത്രം അവസാനഗ അനുവദിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു (തീരുമാനം നമ്പർ - 2(6)/11.6.2019). കൂടാതെ, കുടിവെള്ള പദ്ധതികള പണി പൂർത്തീകരിച്ചതിനുശേഷം ബാക്കിവന്ന പൈപ്പുകൾ ലേലം ചെയ്തു വിൽക്കുന്നതിന് ഗുണഭോക്തൃസമിതി ഭാരവാഹിക പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി തേടിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികളുടെ പ്രവൃത്തി പൂർത്തിയായതിനുശേ ബാക്കിവന്ന പൈപ്പുകൾ ലേലം ചെയ്തുവിൽക്കുന്നതിന് പഞ്ചായത്തിന് എതിർപ്പില്ലെന്ന സാക്ഷ്യപത്രം നൽകുന്നത ഭരണസമിതി തീരുമാനം (നമ്പർ-2(10)/1.6.2019) എടുത്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി തീരുമാനങ്ങൾ സംബന്ധിച്ച വിശദീകര ഓഡിറ്റിൽ ഹാജരാക്കുന്നതിന് 12/19.3.2021, 13/19.3.2021നമ്പരായി ഓഡിറ്റ് എൻക്വയറികൾ നൽകിയിരു ഗുണഭോക്തൃസമിതികൾക്ക് മുൻവർഷങ്ങളിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നിർദ്ദേശം നൽകിയത് തുടർന്ന് മുകളേൽപീടിക കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃസമിതി ഒഴികെ മറ്റെല്ലാ സമിതികളും തുകകൾ തിരി ഒടുക്കിയിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചു. മാത്രമല്ല, കുടിവെള്ള പദ്ധതികളിൽ യഥാർത്ഥ ആവ കണക്കിലെടുക്കാതെ അധികമായി സാധനങ്ങൾ വാങ്ങിയതിനാൽ പൈപ്പുകൾ മിച്ചം വന്നിരുന്നുവെന്നും ആയതിന ഫൈനൽ ബില്ലുകൾ നാളിതുവരെ പാസാക്കിയിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു. 31.03.2020ൽ ജലനിധിയ്ക്കായുള്ള പ്രത്യേ അക്കൗണ്ടിൽ 14988/-രൂപ അവശേഷിക്കുന്നു.

സർക്കാരിന്റെയും ഗ്രാമപഞ്ചായത്തിന്റെയും വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നടപ്പാക്കിയ കുടിവെള്ള പദ്ധതികള യഥാർത്ഥ ആവശ്യം കണക്കിലെടുക്കാതെ അധികമായി സാധനങ്ങൾ വാങ്ങിയതും പ്രസ്തുത സാധനങ്ങൾ ലേ ചെയ്തുവിൽക്കുന്നതിന് ഗുണഭോക്തൃസമിതികൾക്ക് ഭരണസമിതി അനുമതി നൽകിയതും അധികം വന്ന സാധനങ്ങള വാല്യുവേഷൻ നാളിതുവരെ രേഖപ്പെടുത്താത്തതും ക്രമവിരുദ്ധമാണ്. ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതി നിർവഹ സംബന്ധിച്ച് ഭരണസമിതി വിശദമായ അന്വേഷണം നടത്തേണ്ടതും വരവ് ചെലവ് കണക്കുകൾ സെറ്റിൽചെയ്യേണ്ടതുമാ മുകളേൽപീടിക ഗുണഭോക്തൃസമിതിയ്ക്ക് അധികം നൽകിയ 109419/-രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാ

1-22 സർക്കാർവക സ്ഥലത്ത് കിണർ നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തിയ്ക്ക് അനുമതി നൽകി.

മീനച്ചിലാറ്റിൽ വിലങ്ങുപാറ വാകത്തോടിനോടു ചേർന്ന് ഒരു കിണർ കുഴിക്കുന്നതിന് അനുവാദം നൽകുന്നതിന് ശ്രീ.ജേ കുന്നപ്പള്ളി എന്നയാൾ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ട സ്ഥല കിണർ നിർമ്മിക്കുന്നതിന് ഭരണസമിതി അനുമതി നൽകിയിരുന്നു (തീരുമാനം നമ്പർ - 19(1)/17.3.2020). സർക്കാരിന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സൗജന്യകുടിവെള്ള വിതരണത്തിന്റെ ഭാഗമല്ലാതെ, പൊതുജനങ്ങളിൽനിന്ന് പ ഈടാക്കിക്കൊണ്ട് വെള്ളം വിതരണം ചെയ്യുന്നതിലേയ്ക്കായി സർക്കാർവക സ്ഥലത്ത് കിണർ നിർമ്മിക്കുന്ന സ്വകാര്യവ്യക്തിയ്ക്ക് അനുവാദം നൽകിയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് 14/19.3.2021നമ്പരായി ഓ എൻക്വയറി നൽകിയിരുന്നു. എന്നാൽ രേഖാമൂലം മറുപടി ഹാജരാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകള ടിയാൻ ജലവിതരണം നടത്തിയിരുന്നുവെന്നാണ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്. ഈ വിഷയം പഞ്ചായത്ത് ഭരണ സമിതിയ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-23 അപകടകരമായി നിന്ന മരങ്ങൾ വെട്ടിമാറ്റിയത്- വാഹനവാടകയിനത്തിൽ തുക ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിലെ 7-ാംവാർഡിൽ പൈക വിളക്കുമാടം റോഡിൽ ശ്രീ. ബിജു കുറുമാക്കൽ എന്നയാളുടെ വസ്തു നിൽക്കുന്ന മരങ്ങൾ (റബ്ബർ മരങ്ങളും, തെങ്ങും) കേടായി ജനങ്ങളുടെ ജീവനും സ്വത്തിനും വൈദ്യുതി ലൈനി ഭീഷണിയായതിനെത്തുടർന്ന് 10.10.2019 ലെ 3(1) പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം പ്രസ്തുത മരങ്ങൾ പഞ്ചായത്ത് ചെലവ വെട്ടിമാറ്റിയിരുന്നു. മരങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കോടതിയിൽ കേ നിലനിൽക്കുന്നതിനാൽ ടി മരങ്ങൾ മുറിച്ച് മാറ്റുന്നതിന് സ്ഥലത്തിന്റെ കൈവശക്കാരന് സാധിക്കുകയില്ലാത്തിന അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പഞ്ചായത്തിന്റെ ചെലവിൽ മരങ്ങൾ മുറിച്ചുമാറ്റുകയാണുണ്ടായത്. സ്ഥലത്തിന ഉടമസ്ഥത കോടതി തീരുമാനിക്കുന്ന മുറയ്ക്ക് ഉടമസ്ഥനിൽ നിന്നും ചെലവ് തുക ഈടാക്കുന്നതിനും ഭരണസമ തീരുമാനിച്ചിരുന്നു. മരങ്ങൾ മുറിച്ചുമാറ്റിയ ശ്രീ. അജിത്.പി.ആർ. പന്നിയാങ്കൽ എന്നയാൾ ഹാജരാക്കിയ വൗച്ചർ പ്രക കൂലിച്ചെലവ്- 5500/-രൂപ, വാൾ വാടക – 1500/-രൂപ, മരങ്ങൾ കൊണ്ടുപോയ വണ്ടി വാടക -3000/-രൂപ ഉൾപ്പെടെ ആകെ 10000/- 29.10.2019 ലെ 2190606 നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. തടി വെട്ടിമാറ്റിയ ആൾ വെട്ടിമാറ്റിയ തടി കൊണ്ടുപേ വണ്ടിക്കൂലി ഇനത്തിൽ 3000/-രൂപ വാങ്ങിയിരുന്നു. വാഹനം ഉപയോഗിച്ച് തടി എങ്ങോട്ടാണ് കൊണ്ടുപോയത് എന്ന വിവ ഫയലിൽ രേഖപ്പെടുത്തിയിരുന്നില്ല. മാത്രമല്ല, തടി നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്, ലേലം ചെയതിട്ടു എന്നതിന്റെ വിവരങ്ങളും ചേർത്തിട്ടില്ല.

ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ന 15/20.03.21 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥലത്തിന്റെ ഉടമസ്ഥത കോടതി തീർപ്പാക്കുന്ന മുറയ്ക്ക് ഉടമസ്ഥനിൽ നിന്നും ചെ തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഭരണസമിതി തീരുമാനപ്രക സ്ഥലത്തിന്റെ ഉടമസ്ഥത കോടതി തീരുമാനിക്കുന്ന മുറയ്ക്ക് ഉടമസ്ഥനിൽ നിന്നും ചെലവ് തുക ഈടാക്കുന്നതിന് സ്വീക നടപടികളുടെയും പഞ്ചായത്തിന് ലഭിക്കാനുള്ള തുക അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തിയതിന്റെയും വിവരം ഓഡിറ്റ ലഭ്യമാക്കേണ്ടതാണ്.

1-24 ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി- കോൺക്രീറ്റിംഗ് പ്രവൃത്തികൾ- ബില്ലിൽനിന്ന് ആദായനികുത ഈടാക്കിയില്ല.

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം കരാറുകാരന് ഒറ്റത്തവണയ നൽകുന്ന ബിൽ തുക 30000/- രൂപയിൽ അധികമാകുകയോ അഥവാ പാർട്ട് ബില്ലുകളുടെ ആകെ തുക 100000/- രൂപ അധികമാകുകയോ ചെയ്യുന്ന പക്ഷം ബിൽ തുകയുടെ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ആദായ നികുതി വകുപ്പിൽ അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് സാധന സപ്ലൈചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് കേന്ദ്രസർക്കാരിലേയ്ക്ക് അടച്ചതായി കാണുന്നില്ല.

കോൺക്രീറ്റിംഗ് നടത്തിയ റോഡിന്റെ പേര്	കരാറുകാരന് അനുവദിച്ച ബിൽ തുക	കരാറുകാരന്റെ പേര്
വട്ടപ്പാറ – മല്ലികശ്ശേരി റോഡ്	294855.80	ജോബിൻ സിറിയക്
ഇലഞ്ഞിമറ്റം കണ്ണാട്ടുകുന്നേൽ കോക്കാട്ട്മുണ്ടയിൽ റോഡ്	310116.89	സാജൻ ജോസ്
കൊങ്ങോലക്കടവ്-മുതിരപ്പാറ റോഡ്	57656.62	സിബി ലൂക്കോസ്
ഇടമറ്റം തയ്യിൽ റോഡ്	85277.93	സാജൻ ജോസ്
തഴവേലി കുറ്റിപ്പാല റോഡ്	123901.48	സിബി ലൂക്കോസ്
കാഞ്ഞിരത്താനം-വെട്ടുകൽപുറം റോഡ്	187014.1	ജോബിൻ സിറിയക്
മുകളേൽപീടിക മണ്ഡപത്തിൽ റോഡ്	285019.59	സിബി ലൂക്കോസ്
ചപ്പാത്ത് ശ്രാമ്പിക്കൽ റോഡ്	300730.24	സിബി ലൂക്കോസ്
പൂവരണി അമ്പലം മറ്റപ്പള്ളി റോഡ്	198871.90	സിബി ലൂക്കോസ്

ഇതു സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന് പദ്ധതിയുടെ സോഫ്റ്റ്വെയറിൽ ആദായനികുതി ഈടാക്കുന്നതിന സൗകര്യം ഇല്ലെന്നാണ് ഓഡിറ്റിൽ അറിയിച്ചത്. പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തുടർനടപടി സ്വീകരിച്ചിരുന്നുമില്ല. ഈ സാഹചര്യത്തിൽ ടി കരാറുകാരിൽനിന്ന് ആദായനികുതി ഈടാക്കി സർക്കാരിലേ ഒടുക്കുന്നതിനും സോഫ്റ്റ്വെയറിലെ പ്രശ്നം ഭരണവകുപ്പിനെ അറിയിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി - പ്രവൃത്തി ചെയ്യാത്ത വ്യക്തിയ്ക്ക് കൂലി അനുവദിച്ചു.

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പുപദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി.കുഞ്ഞുമോൾ, ചിലമ്പൻകുന്നേൽ എന്നയാള സ്ഥലത്ത് കുളം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ 132 നമ്പർ പ്രോജക്ടുപ്രകാരം പ്രവൃത്തി ചെയ്യാത്ത ശ്രീമതി രമ്യ വൈ എന്നയാളുടെ അക്കൗണ്ടിലേയ്ക്ക് 1096/-രൂപ അനുവദിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മസ്റ്റർ റോൾ നമ്പർ	6822
ജോബ് കാർഡ് നമ്പർ	KL-10-005-005-007/9
അക്കൗണ്ട് നമ്പർ	40610101028252
വേജ് സ്ലിപ്	1610005WS6822.7

പ്രസ്തുത പ്രവൃത്തിയുടെ വേജ് സ്ലിപ് ഓഡിറ്റിൽ ഹാജരാക്കിയത് പൂർണ്ണമല്ലാതിരുന്നതിനാൽ മറ്റുതൊഴിലാളികൾക്ക് നൽക തുകയുടെ വിശദാംശങ്ങൾ പരിശോധിക്കുവാൻ സാധിച്ചിരുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് 17/20.0 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് തുക തിരികെ ഒടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കായി ഇപ്രക തുക നൽകേണ്ടി വന്ന സാഹചര്യം അന്വേഷണ വിധേയമാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-26 കുടിവെള്ള കിണർ മെയിന്റനൻസ് – മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 239/20 അംബേദ്കർ കോളനി കുടിവെള്ള കിണർ മെയിന്റനൻസ് പ്ര പ്രോജക്ട് പ്രകാരം കോൺക്രീറ്റിംഗ്, പ്ലാസ്റ്ററിംഗ് വർക്കുകൾ ചെയ്തിട്ടുണ്ട്. ഭരണസമിതിയുടെ 11.03.2020 ലെ 1(3) നമ്പ തീരുമാനപ്രകാരം അസി.എഞ്ചിനീയറുടെ 15000/-രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തിക്ക് അനുവാദം നൽകിയിരു പ്രവൃത്തി നിർവ്വഹണം നടത്തിയ അജിത് ബാബു, ചക്കുങ്കൽ എന്നയാൾക്ക് 31.03.2020ലെ 10167 നമ്പർ ചെക്ക് പ്രകാരം 15000/-(നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അസി.എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തിയ സർട്ടിഫിക്കറ്റ് ഫയല സൂക്ഷിച്ചിട്ടില്ല. മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ15000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 എസ്.എസ്.എ- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

ഹെഡ് മാസ്റ്റർ (ഗവ.യു.പി. സ്കൂൾ) നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പദ്ധതിയ്ക്കായി (പ്രൊ നം. 13) 200000 രൂപ വികസനഫണ്ട്-ജനറലിൽ നിന്നും അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് വിനിയോഗ സാക്ഷ്യപ ലഭിച്ചിട്ടില്ലാത്തതിനാൽ 2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വേ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്തത്-വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടി

2019-20 സാമ്പത്തികവർഷം വിവിധ പ്രോജക്ടുകൾക്കായി കെ.എസ്.ഇ.ബിയിൽ മുൻകൂറായി തുക ഒടുക്കിയിരുന്നുവെങ്കി വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ , പേര്	ഒടുക്കിയ തുക	തുക ഒടുക്കിയ ഏജൻസി	ബിൽ നമ്പർ / തീയതി	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത തുക (രൂപ)
1	132/20 ശൗര്യംകുഴി അടിച്ചിലാംമാക്കൽ റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	83308/രൂപ	ഇലക്ട്രിക്കൽ സെക്ഷൻ പാലാ	6/19-20/ 12.06.2019	83308/-
2	85/20 വാർഡ് 4ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	148331/ രൂപ	ഇലക്ട്രിക്കൽ സെക്ഷൻ പാലാ	82/19-20/31.10.19	148331/-
	ആകെ				**231639/-**

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡ എൻക്വയറി നമ്പർ 16/20.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേയ്ക്കായി **231639**/-രൂപയുടെ ചെ തടസ്സപ്പെടുത്തുന്നു.

1-29 ലൈഫ് ഭവനനിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണപദ്ധതി (പട്ടികവർഗവിഭാഗം)യുടെ ഗുണഭോക്താവായ ശ്രീമതി.അന കൃഷ്ണൻകുട്ടി, ആനകുത്തിപ്പാറയിൽ, മുകളേൽപീടിക എന്നയാൾ ആകെ 3ലക്ഷം രൂപ കൈപ്പറ്റിയെങ്കിലും നാളിതുവ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുന്നതിനും അവശേഷിക്കുന്ന 1 ലക്ഷം രൂപ ടിയ കൈമാറുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2019-20	08.03.21- 09.03.21

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെ അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

വിഹിതം നല്കിയ	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി

സ്ഥാപനം				
ബ്ലോക്ക് പഞ്ചായത്ത്	50000	പ്രൊജക്റ്റ് നം. 16 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	50000	0
	36380	പ്രൊജക്റ്റ് നം. 20 പാലിയേറ്റീവ് പരിചരണ പദ്ധതി	36380	0
	100000	പ്രൊജക്റ്റ് നം. 75 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി	100000	
	670000	പ്രൊജക്റ്റ് നം. 205ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം	670000	0
ജില്ലാ പഞ്ചായത്ത്	250000	പ്രൊജക്റ്റ് നം. 16 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	250000	
	2,00,000	പ്രൊജക്റ്റ് നം. 75 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി	2,00,000	0
	5,00,000	പ്രൊജക്റ്റ് നം. 188സുജലം പദ്ധതി	4,81422	18578

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

2019-20 സാമ്പത്തികവർഷം വിവിധ പ്രോജക്ടുകൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയ മുൻകൂർ തുകകളുടെ വിവ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കുവാൻ ബാക്കിയുള്ള തുക	റിമാർക്സ്	
1	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ പാലാ	132/20 ശൗര്യംകുഴി അടിച്ചിലാംമാക്കൽ റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	6/19-20/ 12.06.2019	83308/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്	-	83308/-	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല	
2	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ പൈക	86/20 വാർഡ് 7, വാർഡ് 12 എന്നിവിടങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	2/19-20/20.01.2020	299744/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്	299744/-	-	-	
3	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ഭരണങ്ങാനം	197/20 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ	12/19-20/07.08.2019	12508/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്	12508/-	-	-	
4	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ പാലാ	85/20 വാർഡ് 4ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	82/19-20/ 31.10.2019	148331/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്	-	148331/-	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല	വിനിയോ സാക്ഷ്യപ ലഭിച്ചിട്ടില്ല
5	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ പാലാ	130/20 ശ്മശാനത്തിലെ ഹാളിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ വലിക്കൽ	7/19-20/ 05.04.2019	25000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്	25000/-	-		
	ആകെ			568891/-	337252/-	231639/-		

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് ഭവനപദ്ധതിക്കായി ഹഡ്കോയിൽ നിന്നുള്ള വായ്പയിനത്തിൽ 912353/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ഉദ്ദേശം	ഉത്തരവ് നം., തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
മീനച്ചിൽ ഭവന പദ്ധതി	ജി.ഒ.(എം.എസ്.) 83/2013/ എൽ.എസ്.ജി.ഡി. തീയതി-11.03.2013	46,00,000 എസ്.സി.ബി പൂവരണി	30,40,000	520000	296921	2520000
ലൈഫ് ഭവന പദ്ധതി, കെ.യു.ആർ.ഡി.എഫ്.സി ലോൺ	ജി.ഒ.(എം.എസ്) 68/2018, 18.05.2018, ജി.ഒ.(എം.എസ്) 100/2018, 30.07.2018	3847399	29,35,046	323530	169298	3523869

4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവ് ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	55820801 മുന്നിരിപ്പ് തുക
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	49252362
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	446639

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-26	15000/-	ശ്രീ. സുശീൽ എം., സെക്രട്ടറി
1-27	200000/-	ശ്രീ. ജോർജ് തോമസ്, ഹെഡ്മാസ്റ്റർ
1-28	83308/-	ശ്രീ. കെ.ആർ. രാധാകൃഷണൻ നായർ, സെക്രട്ടറി
1-28	148331/-	ശ്രീ. സുശീൽ എം., സെക്രട്ടറി
ആകെ	446639	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
	-	

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്ക അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടു അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1997-98(ചെലവ്)	നം.കെ.എസ്.എ-കെ.ടി.എം.പി.7/1417/15/16.4.16	1	
1997-98(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/141/03/5.6.03/8.7.03	--	
1998-99(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/142/03/15.3.05/5.4.05	3	
1999-02 പ്ലാൻ	നം.എൽ.എഫ്.കെ.പി.7/671/03/24.11.04/8.12.04	10	
2000-01	നം.എൽ.എഫ്.കെ.പി.5/190/E6/11	--	
2001-02	നം.എൽ.എഫ്.കെ.പി.5/1094/07/3.7.09	1	
2002-03 ചെലവ്	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(4)/ 18/06.03.18	1	
2002-03 വരവ്	നം.എൽ.എഫ്.കെ.പി.1/190/ADL/E6/11	1	
2003-04	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ/219(5)/ 18/06.03.18	1	
2006-07	നം.കെ.എസ്.എ.കെ.ടി.എം/ പി.7/138/19/16.06.20	3	
2008-09	നം.കെ.എസ്.എ.കെ.ടി.എം/ പി.7/138/19/22.06.20	5	
2009-10	നം.കെ.എസ്.എ-കെ.ടി.എം.പി.7/285/16/10.5.16		
2010-11, 2011-12	നം.കെ.എസ്.എ.കെ.ടി.എം/ പി.7/138/19/03.07.20	4	
2012-13	നം.കെ.എസ്.എ-കെ.ടി.എം.പി.7/1161/ 15/20.09.15	13	
2013-14, 2014-15	നം.കെ.എസ്.എ-കെ.ടി.എം.പി.7/1283/16/30.5.17	18	
2015-16	നം.കെ.എസ്.എ-കെ.ടി.എം.പി.7/138/19/30.07.20	14	
2016-17	നം.കെ.എസ്.എ-കെ.ടി.എം.പി7-140/19(14)/09.07.20	9	
2017-18	നം.കെ.എസ്.എ-കെ.ടി.എം.പി7/839/2019/3.9.19	21	
2018-19	നം.കെ.എസ്.എ-കെ.ടി.എം.പി7/631/2020/07.08.20	22	

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾറ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറ
കേരള സംസ്ഥാന ഓഡിറ്റ് വക
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ട

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്